# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2249

18.06.2013ൽ
മറുപടിക്ക്.

### അതിവേഗ റെയിൽ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് അതിവേഗ റെയിൽ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ ഒരു അതിവേഗ റെയിൽ കോറിഡോർ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി ഡെൽഹി മെട്രോ റെയിൽ കോർപ്പറേഷൻ സാധ്യതാപഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറായി വരുന്നു. |
| ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) സംസ്ഥാനത്തിന്റെ വടക്കേയറ്റം മുതൽ തെക്കേയറ്റം വരെ പൊതു ജനങ്ങൾക്ക് സുരക്ഷിതമായി കുറഞ്ഞ സമയത്തിൽ യാത്ര ചെയ്യുവാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. |
| സി) പദ്ധതിയുടെ വിശദമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിവരിക്കുമോ; | സി) വിശദമായ പ്രോജക്ട് റിപ്പോർട്ട് DMRC തയ്യാറാക്കി വരുന്നു. |
| ഡി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) പദ്ധതിയുടെ വിശദമായ റിപ്പോർട്ട് DMRC തയ്യാറാക്കി വരുന്നു. ഇതിന്റെ മേൽനോട്ടം വഹിക്കുന്നത് സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള കേരള ഹൈസ്പീഡ് റെയിൽ കോർപ്പറേഷനാണ്. കൂടാതെ പദ്ധതിയ്ക്ക് വേണ്ടിയുള്ള സർവ്വേ നടപടികളും പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ